"ഭരണഭാഷ-മാതൃഭാഷ"

നം. എച്ച്2/14874/2017

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ. തീയ്യതി 28-09-17.
E.mail: ddedntsr@gmail.com
Website: WWW.ddethrissur.org
Phone: 0487 2360810.

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

എല്ലാ ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

സർ,

വിഷയം:- പൊ.വി. - ഗാന്ധിജയന്തി വാരാഘോഷം 2017 - ഉപന്യാസ മത്സരം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എം.4/68693/17/ഡി.പി.ഐ തീ. 25/09/2017 നം. സർക്കുലർ.

***

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഒക്ടോബർ 2 ഗാന്ധി ജയന്തിയോടനുബന്ധിച്ച് ജില്ലയിൽ ഒക്ടോബർ 2 മുതൽ 8 വരെ ഗാന്ധിജയന്തി വാരാഘോഷം സമുചിതമായി സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. ഒക്ടോബർ 5 ന് മുൻപായി സ്ക്കൂൾ തലത്തിൽ ഗാന്ധിദർശനങ്ങളെ അടിസ്ഥാനമാക്കിയുള്ള വിഷയത്തിൽ ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ഒക്ടോബർ 7 ശനിയാഴ്ച കാലത്ത് 10 മണിക്ക് മോഡൽ ഗേൾസ് ജി.വി.എച്ച്.എസ്.എസ് തൃശ്ശൂരിൽ നടക്കുന്ന ജില്ലാതല ഉപന്യാസ മത്സരത്തിൽ സ്ക്കൂൾ തല വിജയികളെ (ഒന്നും, രണ്ടും സ്ഥാനക്കാർ) പങ്കെടുപ്പിക്കാൻ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ എല്ലാ പ്രധാന അദ്ധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്. മത്സരത്തിനുള്ള രജിസ്ട്രേഷൻ 9 മണിക്ക് ആരംഭിക്കുന്നതാണ്. മത്സരാർത്ഥികൾ ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകരുടെ കത്ത് സഹിതം എത്തിച്ചേരേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികളെ അദ്ധ്യാപകരോ രക്ഷിതാക്കളോ അകമ്പടി സേവിക്കുന്നുണ്ടെന്ന് അതാത് പ്രധാന അദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.

തൃശ്ശൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ മത്സര നടത്തിപ്പിനായി രണ്ട് ക്ലാർക്കുമാരെയും വിധിനിർണ്ണയത്തിനായി മൂന്ന് മലയാളം ടീച്ചർമാരേയും നിയോഗിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

വിദ്യാഭ്യാസ ഉപഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പി.എൻ.28/09

Scanned by CamScanner